**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 489** **17-03-2023 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ, സഹകരണ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഈ വർഷം എല്ലാ ജില്ലയിലും സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കാൻ ലക്ഷ്യമിട്ടുന്നുണ്ടോ; ആയിരം ഏക്കറിൽ വ്യവസായം ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ നൂറ് സ്വകാര്യ പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ പുതുതായി എട്ട് സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതാണ്.<br><br>സംസ്ഥാനത്ത് നിലവിൽ 8 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കാണ് ഡെവലപ്പർ പെർമിറ്റ് നൽകിയത്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.<br><br>**Kannur**<br><br>M/s. VMPS Food Park & Ventures<br><br>**Malappuram**<br><br>M/s. Malabar Enterprises<br><br>**Kottayam**<br><br>1. M/s Indian Virgin Spices (P) Ltd.<br><br>2. M/s. Jacob & Richard International (P) Limited.<br><br>3. M/s. Sance Steriles (P) Limited.<br><br>**Palakkad**<br><br>M/s. Kadambur Industrial Park (for constructing Standard Design Factory)<br><br>**Pathanamthitta**<br><br>1. M/s Delta Aggregates and Sand (P) Limited. |

| | | | |
|---|---|---|---|
| | | | 2. M/s. Pathanamthitta Industrial Promotion (P) Limited. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സഹകരണ മേഖലയിൽ വ്യവസായ പാർക്ക് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സഹകരണ സംഘങ്ങൾക്ക് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി ലഭ്യമാണെങ്കിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ് പോർട്ടൽ വഴി വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് അപേക്ഷ നൽകാവുന്നതാണ്. സഹകരണവകുപ്പിന്റെ മുൻകൈയ്യോടെ എല്ലാ ജില്ലകളിലും വ്യവസായ പാർക്ക് ആരംഭിക്കുവാൻ സഹകരണ-വ്യവസായ മന്ത്രിതല യോഗത്തിൽ തത്വത്തിൽ ധാരണയായിട്ടുണ്ട്. |
| (സി) | സ്വകാര്യ, സഹകരണ വ്യവസായ പാർക്കുകൾക്ക് അടിസ്ഥാനസൗകര്യം ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, ഡ്രെയിനേജ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കുന്നതിനും വികസിപ്പിക്കുന്നതിനും ലബോറട്ടറി ടെസ്റ്റിങ്, സർട്ടിഫിക്കേഷൻ എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. റീ-ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിലാണ് തുക അനുവദിക്കുന്നത്. |
| (ഡി) | സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കാൻ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | നമ്മുടെ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ളതും ഉപയോഗപ്രദമാക്കാതെ കിടക്കുന്നതുമായ ഭൂമി കണ്ടെത്തി അവിടെ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച്, ഇൻഡസ്ട്രിയൽ ഫെസിലേറ്റഷൻ പാർക്കുകൾ ആരംഭിക്കുന്നതിന് പൊതുമേഖല സ്ഥാപനമായ കിൻഫ്രയുടെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ മെ. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള ഭൂമിയിലാണ് ഈ സംരംഭത്തിന്റെ പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്ക് 28 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, ജലവിതരണം, അഗ്നിസുരക്ഷാ സംവിധാനം, ലിഫ്റ്റ് തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഈ ബഹുനില വ്യവസായ സമുച്ചയത്തിൽ ഒരുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ